# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1645**

**04.12.2015 - ൽ മറുപടിക്ക്**

## ചേലക്കര -നാളീകേര ബയോപാർക്ക്

**ചോദ്യം**
**ശ്രീ.കെ.രാധാകൃഷ്ണൻ**

**മറുപടി**
**ശ്രീ.കെ.പി.മോഹനൻ**
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

എ) കൃഷിവകുപ്പിന്റെ കീഴിൽ നാളികേര ബയോപാർക്കുകൾ സ്ഥാപിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;എങ്കിൽ എവിടെയെല്ലാം; വിശദമാക്കുമോ;

ബി) ചേലക്കര മണ്ഡലത്തിൽ നാളികേര ബയോപാർക്ക് എവിടെ സ്ഥാപിക്കുവാനാണ് തീരുമാനിച്ചതെന്നും ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ;

സി) പ്രസ്തുത നാളികേര ബയോപാർക്ക് പ്രവർത്തനം ആരംഭിക്കുവാൻ കഴിയാത്തത് എന്തുകൊണ്ടാണെന്നും ഇതു സംബന്ധിച്ച നടപടികൾ ഏത് ഘട്ടത്തിലാണെന്നും വിശദമാക്കുമോ;

ഡി) പ്രസ്തുത നാളികേര ബയോപാർക്ക് സ്ഥാപിക്കുന്നതിന് ധനകാര്യവകുപ്പിന്റെയോ മറ്റേതെങ്കിലും വകുപ്പുകളുടേയോ തടസ്സമുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

എ) ബി) സി) & ഡി) കൃഷി വകുപ്പിന്റെ കീഴിൽ നാളീകേര ബയോപാർക്ക് സ്ഥാപിക്കുന്നതിനുള്ള പ്രോജക്ടിന് 28/07/2012-ലെ. സ.ഉ. (എം.എസ്.)നം.187/2012/കൃഷി പ്രകാരം തത്വത്തിൽ അംഗീകാരം നൽകി. തൃശ്ശൂർ ജില്ലയിൽ ചേലക്കരയിലുള്ള കൃഷി വകുപ്പിന്റെ ജില്ലാ കൃഷിത്തോട്ടത്തിൽ നാളികേര ബയോപാർക്ക് സ്ഥാപിക്കുന്നതിന് അനുയോജ്യമായ 25 ഏക്കർ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. ഈ സ്ഥലത്ത് നാളികേര ബയോപാർക്കിന്റെ ഓഫീസ്-കം-ഇൻഫർമേഷൻ സെന്ററിന്റെ ശിലാസ്ഥാപന കർമ്മം 28/02/2014-ൽ നിർവ്വഹിച്ചു. പദ്ധതി നിർവ്വഹണത്തിനായി കൃഷി വകുപ്പ് മന്ത്രി ചെയർമാനായി 'അഗ്രിബയോപാർക്ക്സ് കേരള' എന്ന പേരിൽ ഒരു സൊസൈറ്റി രജിസ്റ്റർ ചെയ്തിട്ടുണ്ട്. (Reg.No.TC/957/2013 തീയതി 23/08/2013) സ്റ്റേറ്റ് അഗ്രികൾച്ചറൽ എൻജിനീയർ പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ഒന്നാംഘട്ട പ്രവർത്തനങ്ങൾക്കാവശ്യമായ 770.44 ലക്ഷം രൂപ RIDF പദ്ധതി മുഖേന ലഭ്യമാക്കുന്നതിന് സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിഗണിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**